ശ്രദ്ധക്ഷണിക്കൽ

1. <u>ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം</u>

<u>മി. സ്പീക്കർ:</u> ഒറ്റ വാചകത്തിൽ പറയാം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഈ വിഷയത്തിൽ വളരെ വ്യക്തമായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ലെങ്കിലും ഇപ്പോൾ സർക്കാരിന്റെ ശ്രദ്ധയിൽപതിയേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമെന്ന നിലയിലുള്ള ശ്രദ്ധക്ഷണിക്കലാണ് ഇവിടെ ഉദ്ദേശിച്ചത്. നമുക്കെല്ലാം നന്നായറിയാം പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിനുമുമ്പ് എസ്.എസ്.എൽ.സി. കഴിഞ്ഞാൽ വളരെ കുറച്ചുകുട്ടികൾക്ക് മാത്രമാണ് കോളേജിൽ പ്രീഡിഗ്രിക്ക് അഡ്മിഷൻ കിട്ടിയിരുന്നത്. മഹാഭൂരിപക്ഷം കുട്ടികളും പാരലൽ കോളേജുകളെയും മറ്റും ആശ്രയിച്ചാണ് പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. എന്നാൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതോടുകൂടി പ്ലസ്‌വൺ, പ്ലസ്ടു പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ പൊതുജനങ്ങളുടെയിടയിൽ വലിയ

പ്രതീക്ഷയുള്ളത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എസ്.എസ്.എൽ.സി. പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ്‌വണ്ണിന് അഡ്മിഷൻ ലഭ്യമാകണം. പ്ലസ്ടു സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പൂർത്തിയാക്കാൻ കഴിയണമെന്നതാണ്. അതിനനുസരിച്ചുതന്നെയാണ് കാര്യങ്ങൾ ക്രമീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ വ്യക്തമായി ആ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതിനുശേഷം പ്ലസ് വണ്ണിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നതിൽ വളരെ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് ഓരോ വർഷങ്ങളിലെയും അഡ്മിഷൻ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഇപ്പോഴും പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ടാണ് നമുക്ക് ഈ വിഷയം ചർച്ച ചെയ്യേണ്ടിവരുന്നത്. അതുകൊണ്ട് വളരെ ഗൗരവമായി ഈ വിഷയം കാണുകയും കുട്ടികൾക്കെല്ലാവർക്കും അഡ്മിഷൻ കിട്ടുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയണം. ഇവിടെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾ, സ്വാശ്രയ സ്കൂളുകൾ എന്നിവയുണ്ട്. ഇവയിലെല്ലാംകൂടി പാസ്സായ കുട്ടികൾക്ക് ആനുപാതികമായി സീറ്റിന്റെ

ക്രമീകരണം വരുത്തി എല്ലാവർക്കും അഡ്മിഷൻ കിട്ടിയെന്ന് ഉറപ്പുവരുത്താൻ കഴിയണമെന്നതാണ് ഒരു കാര്യം. ഏകദാനമായി തീരുമാനിക്കാൻ കഴിയുന്ന ഒരു കാര്യമല്ല ഇത്. കാരണം കുട്ടികൾ ആഗ്രഹിക്കുന്നത് വ്യത്യസ്ത കോഴ്സുകളാണ്. ഇപ്പോൾ മൂന്ന് വിഭാഗങ്ങളിലായാണ് ഈ കോഴ്സുകളെല്ലാം ക്രമീകരിച്ചിരിക്കുന്നത്. സയൻസ് വിഷയങ്ങളിൽ പത്ത് കോമ്പിനേഷനുകളും കൊമേഴ്സ് വിഷയങ്ങളിൽ നാലും ഹ്യുമാനിറ്റീസിൽ മുപ്പത്തിരണ്ട് കോമ്പിനേഷനുകളുമുണ്ട്. നല്ല ബോധവൽക്കരണംകൂടി സമൂഹത്തിൽ നടത്തേണ്ടതായിട്ടുണ്ട്. മുഴുവൻ എ-പ്ലസ് കിട്ടിയ വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷവും സയൻസ് ഗ്രൂപ്പുകളെടുക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ രംഗത്ത് വന്നിട്ടുള്ള ഒരു ചെറിയ വ്യതിയാനമാണത്. എല്ലാവരും എഞ്ചിനീയറിംഗ് അല്ലെങ്കിൽ മെഡിസിൻ ആഗ്രഹിക്കുന്നു. ഭാവി സുരക്ഷിതമാക്കാൻ വേണ്ടിയാണ് രക്ഷിതാക്കൾ ഇങ്ങനെ ആഗ്രഹിക്കുന്നത്. എന്നാൽ സാധ്യതകൾ മറ്റ് കോമ്പിനേഷനുകൾ എടുത്താലുമുണ്ട് എന്നുള്ളത് ബോധ്യപ്പെടുത്തണം. എസ്.എസ്.എൽ.സി. കഴിയുമ്പോൾതന്നെ രക്ഷിതാക്കളെയും കുട്ടികളെയും ഓരോ കോഴ്സിന്റെയും പ്രത്യേകതകൾ പറഞ്ഞ്

മനസ്സിലാക്കി ബോധ്യപ്പെടുത്താൻ സാധിക്കണം. അങ്ങനെ വന്നുകഴിഞ്ഞാൽ ഈ വ്യത്യസ്ത കോമ്പിനേഷനുകളിലേയ്ക്ക് കുട്ടികൾ ഡിസ്ട്രിബ്യൂട്ട് ചെയ്ത് പോകുമ്പോൾ ഇത്രയും വലിയൊരു പ്രതിസന്ധി നാട്ടിലുണ്ടാകില്ലെന്നാണ് തോന്നുന്നത്. ആ കാര്യമാണ് ഒന്നാമതായി ശ്രദ്ധിക്കാനുള്ളത്. മറ്റൊന്ന്, നമുക്ക് സംസ്ഥാനാടിസ്ഥാനത്തിലുള്ള മൊത്തം സീറ്റുകളെടുക്കുമ്പോൾ അത് ശരിയാകില്ല. അതാണ് ഏകദാനമായി പറ്റില്ലെന്ന് പറഞ്ഞത്.

മി. സ്പീക്കർ: അത് നമ്മൾ വിശദമായി ചർച്ച ചെയ്തതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത് ജില്ലാടിസ്ഥാനത്തിലും സബ് ജില്ലാടിസ്ഥാനത്തിലൊക്കെ പരിശോധിച്ച് ആവശ്യമായ സീറ്റുകൾ re-arrangement നടത്തി കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ സാധിക്കുമോയെന്നുള്ളതാണ് നോക്കേണ്ടത്. ഞാൻ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. കാരണം, സംവരണ സീറ്റിൽ ബാക്കി വരുന്നത് ജനറൽ സീറ്റിലേയ്ക്ക് കൺവെർട്ട് ചെയ്യുമെന്നും കൂടുതൽ സീറ്റുകൾ അനുവദിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു. പക്ഷെ 50 കുട്ടികൾ മാത്രമേ പാടുള്ളുവെന്ന കോടതി വിധി

തടസ്സമാകുമോയെന്നുള്ള കാര്യവും പരിശോധിക്കണം. വളരെ അപൂർവ്വം ഇടങ്ങളിൽ ബാച്ച് അനുവദിച്ചാൽ പ്രശ്നം പരിഹരിക്കാൻ കഴിയുമെങ്കിൽ അതുകൂടെ പരിഗണിക്കുന്നത് നന്നായിരിക്കും. ഏതായാലും ഈ ചുരുങ്ങിയ സമയം കൊണ്ടുതന്നെ ചെയ്തിട്ടുള്ളത് വലിയ കാര്യമാണ്. ഒറ്റ കാര്യം കൂടി സൂചിപ്പിക്കുന്നു. ഇപ്പോൾ ഒന്നാംഘട്ട അലോട്ട്മെന്റാണ് ആയിട്ടുള്ളത്. രണ്ടാംഘട്ട അലോട്ട്മെന്റും സ്പോട്ട് അലോട്ട്മെന്റുംകൂടെ നടക്കുമ്പോൾ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഈ പ്രശ്നത്തിന് വലിയ അളവിൽ പരിഹാരം കാണാൻ കഴിയുമെന്ന് വിശ്വസിക്കുന്നുണ്ട്. ആ കാര്യം ശ്രദ്ധിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നേരത്തെ പറഞ്ഞതിൽനിന്ന് കൂടുതലെന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ പറഞ്ഞാൽ മതി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, നേരത്തെ പറഞ്ഞ കാര്യങ്ങൾ വളരെ വിശദമായിതന്നെ സൂചിപ്പിച്ചു. ഈ കാര്യം ചർച്ച ചെയ്യുമ്പോൾ ഹയർ സെക്കന്ററി മേഖലയിൽ സംസ്ഥാനത്താകെ

അലോട്ട്മെന്റ് നടത്തുന്നതിനുവേണ്ടിയുള്ള സീറ്റുകളുടെ എണ്ണം വിദ്യാഭ്യാസ വകുപ്പിന്റെ കയ്യിൽ കൃത്യമായുണ്ട്. എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ജില്ലകളിലും എത്ര കുട്ടികൾക്ക് ചേരാം എന്നതിനെ സംബന്ധിച്ചുള്ള കണക്ക് ഞാൻ അവതരിപ്പിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കണക്ക് തെറ്റാണെന്ന് വാദിച്ച് അതിനെ സംബന്ധിച്ച് യാതൊരു ധാരണയുമില്ലാതെയാണ് പറയുന്നത് എന്ന് പറഞ്ഞാൽ അത് വസ്തുതയ്ക്ക് നിരക്കാത്തതാണെന്ന് മാത്രമല്ല രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി കൊണ്ടുവരുന്ന ഒരു കാര്യവുമാണ്. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യം ഒരുക്കുമെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുകയും വളരെയധികം വിദ്യാർത്ഥികൾ ഹയർസെക്കണ്ടറിക്ക് അപേക്ഷ നൽകിയിട്ടുള്ളതും. ഇപ്പോൾ സീറ്റിന്റെ എണ്ണം വർദ്ധിപ്പിച്ചു. മലപ്പുറം, വയനാട്, കോഴിക്കോട് തുടങ്ങിയ എല്ലാ ജില്ലകളുടെ കണക്കും എന്റെ കൈവശമുണ്ട്. ആ കണക്കുകളെ സംബന്ധിച്ച് പ്രതിപക്ഷത്തിരിക്കുന്നവർക്കും ശ്രദ്ധക്ഷണിക്കൽ

അവതരിപ്പിച്ച മുൻമന്ത്രിക്കുമറിയാം. സ്വാഭാവികമായും ഈ വസ്തുതകൾ സർക്കാർ ശേഖരിക്കുന്നത് എങ്ങനെയാണെന്നുള്ള വിവരം ഞാൻ പ്രത്യേകം സഭയിൽ പറയേണ്ടതില്ല. ആ വസ്തുതകൾ ശേഖരിച്ചതിനുശേഷം നമ്മൾക്കൂടി പരിശോധിക്കുന്നുണ്ട്. അതിനുശേഷമാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ സർവ്വവിജ്ഞാനകോശം എന്ന നിലയിലല്ല ഞാൻ പറയുന്നത്, ഞാൻ പ്രധാനപ്പെട്ട വസ്തുതയാണ് പറഞ്ഞത്. ഇന്ത്യയിൽ, ബോർഡ് പരീക്ഷ നടത്തിയ ഏക സംസ്ഥാനമെന്നുപറയുന്നത് കേരളം മാത്രമാണ്. അതുകൊണ്ടുതന്നെ തമിഴ്നാട്, കർണ്ണാടക, ലക്ഷദ്വീപ് എന്നീ സംസ്ഥാനങ്ങളിൽ മലയാളികളായിട്ടുള്ള പരീക്ഷ എഴുതി പാസ്സായ കുട്ടികൾക്ക് ഇവിടെ ഹയർസെക്കണ്ടറിക്ക് അപേക്ഷ നൽകുന്നതിന് സാധിക്കുന്നില്ല. ആ സത്യമാണ് ഞാൻ പറഞ്ഞത്. അതിന് ഇത്രയും വലിയ ബഹളമുണ്ടാക്കേണ്ടതില്ല. ഇത്രയും വലിയ ബഹളമുണ്ടാക്കുകയും പ്രതിപക്ഷ നേതാവിന് യോജിക്കാത്ത രൂപത്തിലുള്ള പദപ്രയോഗം നടത്തുകയും ചെയ്യുന്നത് ശരിയല്ല. ആരാണ് അദ്ദേഹത്തെ പ്രതിപക്ഷ നേതാവാക്കിയതെന്ന് നിരവധി ആളുകൾ ചോദിക്കുന്നുണ്ട്.

അദ്ദേഹത്തിന് ചുറ്റുമിരിക്കുന്ന ആളുകൾതന്നെ ചോദിക്കുകയാണ്. സമയം ലഭിക്കുമെങ്കിൽ കഴുത്തിനുപിടിക്കാൻ തയ്യാറായി അവർ ഇരിക്കുകയാണ്. പ്രതിപക്ഷനേതാവാണെന്നുള്ളതുകൊണ്ട് മറ്റുള്ളവരെയെല്ലാം പുച്ഛത്തോടെ കാണുന്ന അഹങ്കാരവും ധിക്കാരവും നിറഞ്ഞ സമീപനം ഒട്ടുംശരിയല്ലെയെന്നുള്ള കാര്യം എനിക്ക് നേരത്തെ സമയം ലഭിക്കാത്തതുകൊണ്ട് ഇപ്പോൾ പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽവച്ച് 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളത്. 458080 വിദ്യാർത്ഥികളാണ് ഉന്നത പഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 517156 ആണ്. പ്രസ്തുത വർഷം 22879 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചു. ആകെ ലഭിച്ചിരുന്ന 413564 സീറ്റുകളിൽ 384612 അപേക്ഷകർ പ്രവേശനം നേടുകയുണ്ടായി. സർക്കാർ എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി 28952 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ വർഷം അതായത് 2020-ൽ 420560 വിദ്യാർത്ഥികളാണ് ഉന്നത പഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 482977 ആണ്. പ്രസ്തുത വർഷം

41906 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചിരുന്നു. ആകെ ലഭ്യമായിരുന്ന 400899 സീറ്റുകളിൽ 368282 അപേക്ഷകർ പ്രവേശനം നേടുകയുണ്ടായി. സർക്കാർ അൺ എയ്ഡഡ് മേഖലകളിൽ 32617 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്തു. ഇതായിരുന്നു സാഹചര്യം. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ വളരെ ലളിതമായി നടത്തിയതിന്റെ ഫലമായി എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 125509 ആയി വർദ്ധിച്ചു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ മൂന്നുമടങ്ങ് കൂടുതലാണ്. ഈ വർഷം നിലവിൽ ആകെ 394457 സീറ്റുകൾ ഹയർസെക്കണ്ടറി മേഖലയിൽ മാത്രം ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 33000 സീറ്റുകളും പോളിടെക്നിക്ക്, ഐ.റ്റി. എന്നിവിടങ്ങളിലായി 70000 സീറ്റുകളും ലഭ്യമാണ്. ഇത്തരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ എല്ലാവർക്കും തുടർപഠനത്തിന് ആവശ്യമായ സീറ്റുകൾ സംസ്ഥാനത്ത് ലഭ്യമാണ്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ വളരെക്കുറച്ച് ഓപ്ഷനുകൾ

ഉൾപ്പെടുത്തിയതിന്റെ ഫലമായി ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെടാൻ സാധിച്ചിട്ടില്ലെങ്കിലും രണ്ടാമത്തെ അലോട്ട്മെന്റിൽ പ്രവേശനം ലഭിക്കുന്നതാണ്. രണ്ടാമത്തെ അലോട്ട്മെന്റിൽ ഒഴിഞ്ഞുകിടക്കുന്ന സംവരണ വിഭാഗത്തിന്റെ സീറ്റുകളും Economically Weaker Section-ന്റെ (E.W.S) റിസർവേഷൻ ഒഴികെയുള്ള സീറ്റുകളും രണ്ടാമത്തെ അലോട്ട്മെന്റിൽ പൊതുമെരിറ്റായി പരിവർത്തനം ചെയ്യുമ്പോൾ ലഭ്യമാകുന്ന സീറ്റുകളിൽ ഇത്തരത്തിലുള്ള അപേക്ഷകർക്ക് രണ്ടാം അലോട്ട്മെന്റിൽ പ്രവേശനം ലഭ്യമാക്കുന്നതാണ്. എന്നുമാത്രമല്ല, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുണ്ട്. ആ സീറ്റുകൾ അത്യാവശ്യം കുറവുള്ള ജില്ലകളിലേയ്ക്ക് എങ്ങനെ മാറ്റിക്കൊണ്ടുവന്ന് അവിടെ നികത്താമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമെന്ന് ശ്രദ്ധക്ഷണിക്കലിന് മറുപടിയായി സൂചിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഒഴിവായിക്കിടക്കുന്ന സീറ്റുകൾ നികത്താൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ സഹായകരമായ കാര്യമാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ചിലയിടങ്ങളിൽ സ്വാശ്രയ കോളേജുകൾ അമിതമായി ഫീസ് ഈടാക്കുന്നു എന്നൊരു പരാമർശം ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യംകൂടി ശ്രദ്ധിക്കുമോയെന്നതാണ് ചോദ്യം.

ശ്രീ. വി. ശിവൻകുട്ടി: സർ, നേരത്തെ സഭയിൽ സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് വിമർശനമുണ്ടായി. സ്വാശ്രയ കോളേജുകളിൽ ഏതെങ്കിലും പുതിയ സീറ്റുകളുടെ വർദ്ധനവ് ആവശ്യമുള്ളവർ അപേക്ഷിച്ചാൽ, എല്ലാ സൗകര്യവുമുണ്ടെന്ന് ഉറപ്പുവരുത്തിയാൽ അവർക്ക് നൽകുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. മുൻമന്ത്രി ശ്രീമതി ശൈലജ ടീച്ചർ ഇവിടെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും സ്വാശ്രയ കോളേജുകളിൽ നിയമവിരുദ്ധമായിട്ടുള്ള ഫീസ് വാങ്ങലോ സാമ്പത്തിക ബാദ്ധ്യത കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അതുസംബന്ധിച്ച പരാതി ലഭിച്ചാൽ ഗവൺമെന്റ് കർശനമായ നടപടി സ്വീകരിക്കുമെന്ന കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

2. രാസവളക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിലെ കാർഷിക മേഖലയെ ഉത്തേജിപ്പിക്കാനായി വലിയ നടപടികൾക്ക് കഴിഞ്ഞ കുറേക്കാലങ്ങളായി സർക്കാർ നേതൃത്വം നൽകുകയാണ്. വയനാട് കാർഷിക ജില്ലയാണ്. 2018-ലെയും 2019-ലെയും പ്രളയവും ഇപ്പോഴുള്ള കോവിഡ്-19 -ഉം കാർഷിക മേഖലയെയും കർഷകരെയും വളരെയധികം ബുദ്ധിമുട്ടിലാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. ആ സന്ദർഭത്തിലാണ് കൂടുതൽ കർഷകരുള്ള വയനാട്ടിൽ യഥാവിധി കൃഷിക്ക് ലഭ്യമാകേണ്ട രാസവളങ്ങളുടെ ദൗർലഭ്യം പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്. കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പൊതുവേ ഉപയോഗിച്ചുവരുന്നതായ വിവിധതരം രാസവളങ്ങൾ വയനാട് ജില്ലയിലെ കർഷകർക്ക് സമയബന്ധിതമായി ലഭ്യമാകാത്തതുമൂലം വലിയ പ്രതിസന്ധി നേരിടുകയാണ്. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (MoP), എൻ.പി.കെ. (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം), യൂറിയ, ഡൈ അമോണിയം ഫോസ്ഫേറ്റ് ഉൾപ്പെടെയുള്ള വിവിധതരം രാസവളങ്ങളുടെ ദൗർലഭ്യം കഴിഞ്ഞ കുറെയാഴ്ചകളായി വളരെ ഗൗരവമായി

നിലനിൽക്കുകയാണ്. സമയത്തിന് രാസവളം ലഭ്യമാക്കിയില്ലെങ്കിൽ അത് കൃഷിയെ ദോഷകരമായ അവസ്ഥയിലേയ്ക്ക് എത്തിക്കും. അത് കർഷകർക്കുണ്ടാക്കുന്ന ബുദ്ധിമുട്ട് പറഞ്ഞറിയിക്കുന്നതിനും അപ്പുറമുള്ളതാണ്. ഉല്പാദനക്ഷമതയെ വലിയ രീതിയിൽ ബാധിച്ചാണ് അത് മുന്നോട്ടുപോകുന്നത്. കർഷകർ ഉയർന്ന ബാങ്ക് വായ്പകൾ എടുത്താണ് വാഴ, നെല്ല്, ഇഞ്ചി, റബ്ബർ ഉൾപ്പെടെയുള്ള കൃഷികളിൽ ഏർപ്പെട്ടിരിക്കുന്നത്. 2018-ലെയും 2019-ലെയും പ്രളയം, കോവിഡ് വ്യാപനം എന്നിവമൂലം കഷ്ടത്തിലായ കർഷകർക്ക് കൃഷിക്കാവശ്യമായ രാസവളങ്ങൾ രണ്ടാമത് ലഭ്യമാകേണ്ട ഈസമയത്ത് ലഭ്യമാകാത്തത് ഗൗരവമായ സാഹചര്യം സൃഷ്ടിക്കുകയാണ്. കാലാവസ്ഥ അനുയോജ്യമായി നിൽക്കുന്ന സമയത്ത് ആവശ്യമായ രാസവളങ്ങൾ കൃത്യസമയത്ത് പ്രയോഗിച്ചില്ലെങ്കിൽ കൃഷിയെയും അതിന്റെ ഉല്പാദനക്ഷമതയേയും സാരമായി ബാധിക്കുമെന്നുള്ളത് നമുക്കേവർക്കും അറിയാവുന്ന കാര്യമാണ്. സമയത്തിന് രാസവളങ്ങൾ ലഭ്യമാക്കാതെ പിന്നീട് ഏതെങ്കിലും സമയത്ത് അത് ലഭ്യമാക്കിയതുകൊണ്ട് ഒരുകാര്യവുമില്ല. മാത്രമല്ല, വന്യമൃഗങ്ങളുടെ ശല്യംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വയനാട്ടിലെ കർഷകർ

വലിയ രീതിയിൽ നേരിട്ടുകൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, പൊതുമേഖലാ ബാങ്കുകളും കാർഷിക ബാങ്കുകളും സഹകരണ ബാങ്കുകളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് നിക്ഷേപ സമാഹരണ യജ്ഞമോ വായ്പ തിരിച്ചടയ്ക്കൽ യജ്ഞമോ വായ്പ അനുവദിക്കൽ യജ്ഞമോ അല്ല, മറിച്ച് അവിടെ നടക്കുന്നത്, കർഷകരെ തെരുവിലേയ്ക്ക് തള്ളുന്ന ജപ്തി നോട്ടിസ് യജ്ഞമാണ്. ഗൗരവമായ സാഹചര്യമാണ് വയനാട്ടിലെ കർഷകർ/കേരളത്തിലെ കർഷകർ നേരിടുന്നത്. മദ്രാസ് ഫെർട്ടിലൈസേർസ് ലിമിറ്റഡ്, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നാണ് പ്രധാനമായും കേരളത്തിലേയ്ക്ക് രാസവളങ്ങൾ ലഭ്യമാകുന്നത്. ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, ഏറെ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന വയനാട്ടിലെ കർഷകരുടെ നട്ടെല്ല് ഒടിക്കും. അത് ഉല്പാദനക്ഷമതയെ ബാധിക്കും. കർഷകർക്ക് കാർഷികവൃത്തിയിൽ നിലനിന്നുപോകാൻ വലിയ പ്രതിസന്ധിയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യം ഗൗരവമായി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ കർഷകരുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചു. പക്ഷേ ശ്രദ്ധക്ഷണിക്കലിനുവേണ്ടി ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് രാസവളങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നത് സംബന്ധിച്ചാണ്. സർക്കാർ പൂർണ്ണമായും കർഷകരോടും കർഷകരുടെ പ്രയാസങ്ങൾ അതിജീവിക്കാനുള്ള പരിശ്രമങ്ങളോടുമൊപ്പമാണ്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ് കാരണം ഇന്ത്യയിൽ പ്രവർത്തിക്കുന്ന പല രാസവള നിർമ്മാണ കമ്പനികളും ഉത്പാദനം കുറച്ചിരിക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ വില നിയന്ത്രിച്ച് ആവശ്യത്തിന് രാസവളങ്ങളുടെ ഉത്പാദനം ഉറപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ആഗോളതലത്തിൽത്തന്നെ രാസവളങ്ങൾക്കുള്ള ലഭ്യതക്കുറവും അവിടെ നിന്നുള്ള പ്രശ്നമായി ഉയർന്നുവരുന്നുണ്ട്. സംസ്ഥാനത്തിന് രാസവളങ്ങൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന കൃഷി വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ചാണ് കേന്ദ്ര സർക്കാർ യൂറിയ, DAP, MOP, കോംപ്ലക്സ് വളങ്ങൾ എന്നിവ ഓരോ മാസവും അലോക്കേറ്റ് ചെയ്യുന്നത്.

മംഗലാപുരം, തൂത്തുക്കുടി എന്നീ തുറമുഖങ്ങളിലെത്തുന്ന രാസവളങ്ങളിൽ നിന്നാണ് കേരളത്തിന് ലഭ്യത ഉറപ്പാക്കുന്നത്. തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിൽ കേരളത്തിനേക്കാൾ കൂടുതൽ കൃഷിയുള്ളതിനാൽ പലപ്പോഴും കേരളത്തിന് കിട്ടേണ്ട യഥാർത്ഥ വിഹിതം ലഭ്യമാകാറില്ല. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആവശ്യപ്പെട്ടതും അനുവദിച്ചതുമായ വളങ്ങളുടെ കണക്ക് അനുബന്ധത്തിൽ[+] ചേർത്ത് മേശപ്പുറത്ത് വയ്ക്കുന്നുണ്ട്. സമയമില്ലാത്തതിനാൽ വായിക്കുന്നില്ല. മറ്റൊരു പ്രധാനപ്പെട്ട കാരണം POS മെഷീനിലുള്ള വളത്തിന്റെ ശേഖരം അതായത് black stock കൂടി കണക്കിലെടുത്താണ് കേന്ദ്രസർക്കാർ നിലവിൽ വളം അനുവദിക്കുന്നത് എന്നാണ്. പല വ്യാപാരികളും POS മെഷീൻ യഥാസമയം ഉപയോഗിക്കാതെ വളം വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ യഥാർത്ഥത്തിലുള്ള രാസവള ശേഖരത്തേക്കാൾ വളരെ കൂടുതലാണ് POS മെഷീനിൽ കാണുന്ന രാസവള ശേഖരം. കൃഷി ഉദ്യോഗസ്ഥർ നിരവധി തവണ റിട്ടെയിൽ വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടും ചില വ്യാപാരികൾ POS മെഷീൻ സ്ഥിരമായി ഉപയോഗിക്കാത്തതായി

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാണുന്നുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കൃഷി ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ രാസവള ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ ഡാഷ് ബോർഡിലെ കണക്കുകൾ പ്രകാരം വയനാട് ജില്ലയിൽ താഴെപ്പറയും പ്രകാരം വളങ്ങൾ 02.10.2021-ൽ നിലവിലുള്ളതായി കാണുന്നു. യൂറിയ - 791.604 MT, DAP - 4.950 MT, MOP 355.908 MT, കോംപ്ലക്സ് വളങ്ങൾ - 1134.747 MT. ഓരോ റീട്ടെയിലറുടെ പക്കലുമുള്ള രാസവള ശേഖരം ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ ശേഖരവും യഥാർത്ഥത്തിലുള്ള ശേഖരവും വ്യത്യസ്തമായതിനാൽ യഥാർത്ഥത്തിലുള്ള ശേഖരം ഡാഷ് ബോർഡിൽ വന്നാൽ മാത്രമേ കേന്ദ്രസർക്കാർ രാസവള വിഹിതം കൂടുതലായി അനുവദിക്കുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തെ വിഹിതം ഈ നീക്കിയിരിപ്പ് ശേഖരംകൂടി കണക്കാക്കിയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ മാസം രാസവളത്തിന് വലിയ ക്ഷാമം പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വയനാട് ജില്ലയിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിവിധ കമ്പനികൾ

നൽകേണ്ടിയിരുന്ന വളവും യഥാർത്ഥത്തിൽ നൽകിയ വളവും ഇതോടൊപ്പം ചേർത്ത കണക്കുകളിൽ മേശപ്പുറത്ത്+ വയ്ക്കുന്നുണ്ട്. കമ്പനികൾക്ക് കേരളത്തിൽ വിതരണം ചെയ്യുവാൻ കിട്ടിയ വളങ്ങളുടെ ലഭ്യതക്കുറവുമൂലമാണ് വയനാട് ജില്ലയിൽ വേണ്ടത്ര വളം കൊടുക്കാൻ സാധിക്കാതിരുന്നത്. നിലവിൽ എല്ലാ കമ്പനികളോടും അടിയന്തരമായി വളങ്ങൾ വയനാട് ജില്ലയിൽ എത്തിക്കാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്ന കമ്പനി മെയിന്റനൻസിനായി പൂട്ടിയിരുന്നതുകൊണ്ടാണ് കഴിഞ്ഞ 2 മാസങ്ങളിൽ വളം വിതരണം ചെയ്യാതിരുന്നതെന്ന് കാണുന്നു. ഒക്ടോബർ ആദ്യവാരം തന്നെ വളം വിതരണം ചെയ്തുതുടങ്ങാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, രാസവള ദൗർലഭ്യംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തിക്കൊടുക്കാനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, കൃത്യതയോടെ എത്തിക്കാനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. ആ നടപടികൾ സർക്കാർ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിക്കും. നേരത്തെ ഇവിടെ പറഞ്ഞതുപോലെ POS മെഷീനിൽ വളത്തിന്റെ ശേഖരത്തിന്റെ കുറവ് കാണുന്നത് ഗൗരവമായി പരിശോധിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ വയനാട്ടിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.